ഉത്തരം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ തസ്തികയിൽ എംപ്ലോയിമെന്റ് എക്സചേഞ്ച് വഴി നിയമനം ലഭിച്ച 8 പേർ 9-3-1995-ലെ 9516/അഡ്വ.സി1/92/ഉ.ഭ.പ.വ. നമ്പർ ഗവൺമെന്റ് സർക്കുലർ പ്രകാരം സർവ്വീസിൽ ഇപ്പോഴും തുടരുന്നുണ്ട്. മേൽജീവനക്കാരുടെ റെഗുലറൈസേഷൻ പ്രശ്നം ഇപ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ഹൈക്കോടതി സ്റ്റേ നിലനില്ക്കുന്നതിനാൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

പത്രജീവനക്കാരുടെ പെൻഷൻ

40 (3230) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്രജീവനക്കാരുടെ പെൻഷൻ ഏതുവർഷം മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) 1997-98 ബഡ്ജറ്റിൽ പത്രജീവനക്കാർക്ക് പെൻഷന് വേണ്ടി തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര ;

(സി) 1998 ഏപ്രിൽ മാസം മുതൽ ജോലിയിൽ നിന്നും പിരിഞ്ഞ ജീവനക്കാർക്കും പെൻഷൻ ലഭിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) പത്രപ്രവർത്തക ഇതര ജീവനക്കാർക്കായി (നോൺ ജേർണലിസ്റ്റ്) ഒരു പെൻഷൻ പദ്ധതി 1-1-2000 മുതൽ നടപ്പാക്കുവാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 1997-98-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സോമന്റെ ചികിത്സയ്ക്ക് സഹായം

41 (3231) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിങ്കൽക്വാറി തൊഴിലാളിയായ കെ. സോമൻ (കരിമ്പിൻകുഴി വീട്, മണലയം, കൊടുങ്ങാനൂർ പി. ഒ, തിരുവനന്തപുരം) ജോലിയിൽ ഏർപ്പെട്ടിരുന്നപ്പോൾ അപകടം സംഭവിച്ചതിനെ തുടർന്നുള്ള ചികിത്സാ ചെലവുകൾക്കും മറ്റുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 19-12-1999-ൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ അടിയന്തിര നടപടി സ്വീകരിച്ച് സഹായധനം വിതരണം ചെയ്യാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) കരിങ്കൽക്വാറി തൊഴിലാളിയായ കെ. സോമൻ (കരിമ്പിൻകുഴി വീട്, മണലയം, കൊടുങ്ങാനൂർ പി. ഒ, തിരുവനന്തപുരം) അപകടം സംഭവിച്ചതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് 1999-ൽ ലഭിച്ച ഹർജിയിൽമേൽ അന്വേഷണം നടത്തിവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ ധനസഹായം അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കേരള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

42 (3232) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി. എസ്. സി നടത്തിയ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, തിരുവനന്തപുരം ജില്ലയിലെ എച്ച്. എസ്. എ. മലയാളം എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ എന്ന് പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തസ്തികളിലേക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ എത്രവീതം ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

അസിസ്റ്റന്റ് ആർകിടെക്റ്റ് പരീക്ഷ നടത്തുന്നതിനുള്ള കാലതാമസം

43 (3233) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തുവകുപ്പിൽ അസിസ്റ്റന്റ് ആർകിടെക്റ്റ് തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് 1995-ൽ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷ പ്രകാരം ഇതിനുള്ള പരീക്ഷ നടത്താതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കേരളാ സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേന്റെ നിവേദനം

44 (3234) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly